ഉത്തരം

(എ) മുളകൾ നൽകിയിട്ടുണ്ട്. തടികൾ നൽകിയിട്ടില്ല.

(ബി) 50,000 മുളകൾ (Full Bamboos) നൽകിയിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ ഒലവക്കോട് സർക്കിളിലെ നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽനിന്നും വെട്ടി ശേഖരിച്ച്, പ്രസ്തുത മുളകൾ 158 ലോറി ലോഡുകളായി ചെക്കെന തുറമുഖത്ത് എത്തിച്ചുകൊടുത്തിട്ടുള്ളതാകുന്നു.

2004-2005 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം

139 [1370] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) കുഴൽമന്ദം മണ്ഡലത്തിന്റെ പരിധിയിൽവരുന്ന ഏതെല്ലാം പ്രവർത്തികൾക്കാണ് 2004-05 ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളത്;

(സി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവർത്തികൾക്കാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുള്ളത്;

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആവശ്യകത, പ്രാദേശിക പിന്നോക്കാവസ്ഥ, ജനപ്രതിനിധി നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നത്.

(ബി) കുഴൽമന്ദം മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവർത്തികൾക്കാണ് 2004-05 ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളത്.

നിരത്തുകളും പാലങ്ങളും

1. ഒട്ടുകാട്-നാരങ്ങാപറമ്പ് റോഡ് 0/000-3/200
2. പൊത്തുകാട്-മന്നംകുളമ്പ്-ചെറുതപുത്തൂർ, എ. സി. കോളനി റോഡ് കി.മീ. 0/000-3/140-ഉം 0/000-1/200.
3. തമ്പൂർ-പെരിങ്ങോട്ടുകുറിശ്ശി റോഡ് 0/000-7/200.
4. കുത്തന്നൂർ-തോലന്നൂർ റോഡ് 0/000-6/200.

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടവിഭാഗം

(i) സബ്ട്രഷറി

(ii) ഐ. റ്റി. ഐ.

(iii) റസ്റ്റ്ഹൗസ്

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ

അംപാട്-അണിക്കോടുറോഡ് 0/000-5/200-നും വെമ്പല്ലൂർ-മുരിങ്ങമല റോഡ് 0/000-3/120-നും കെട്ടിടവിഭാഗത്തിൽ സബ്ട്രഷറി വർക്കിനും, ഐ.ടി.ഐ.ക്കും.

(ഡി) സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ ചെമ്പൈ റസ്റ്റ് ഹൗസിന് ഭരണാനുമതി ലഭിച്ചില്ല.

കെ. എസ്. ടി. പി. സ്കീമിൽ ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള തീരുമാനം

140 [1371] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിക്ക് ഫാസ്റ്റ് ട്രാക്ക് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കെ. എസ്. റ്റി. പി. പദ്ധതിക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ആഫീസുകൾ നിർത്തലാക്കാനും, പ്രസ്തുത ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) തീരുമാനിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

കെ. എസ്. ടി. പി. പദ്ധതിക്കുവേണ്ടി ലോകബാങ്ക് നൽകുന്ന തുകയുടെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ

141 [1372] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. മുരളി:
,, എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly